പിള്ളയുടെ കണ്ണു തുറപ്പിച്ചു. വൈക്കത്തിന്റെ സമിതിക്ക് അധികനാൾ പിടിച്ചുനില്ക്കാനാവതെ വന്നത് അദ്ദേഹത്തിനു തിരിച്ചടിയായി. ഭാഗവതരോട് താൻ കാട്ടിയ അവിവേകം ഓർത്ത് അദ്ദേഹം പശ്ചാത്തപിച്ചു. അദ്ദേഹം 'സുഭഗ'യുടെ ക്യാമ്പിലെത്തി, കുഞ്ഞുകുഞ്ഞു ഭാഗവതരോട് ക്ഷമ ചോദിക്കുകയും 'സുഭഗ' തന്റെ മാനേജ്മെന്റിൽ അവതരിപ്പിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തു. ഭാഗവതർ അത് സമ്മതിച്ചു. 'സുഭഗ' യുടെ ശേഷിച്ച അരങ്ങുകൾ രാമകൃഷ്ണപിള്ളയുടെ സമിതിയാണ് അവതരിപ്പിച്ചത്. വളരെക്കാലം ഈ നാടകം കേരളത്തിലെങ്ങും ജൈത്രയാത്ര നടത്തി.

## തിക്കുറിശ്ശിയുടെ പ്രസക്തി


തിക്കുറിശ്ശി സുകുമാരൻ നായർ

ആതുക്കാട്ട് രാമകൃഷ്ണപിള്ള, ഭാഗവതരുടെയും വൈക്കം വാസുദേവൻ നായരുടെയും നേതൃത്വത്തിലുള്ള രണ്ടു നാടകസമിതികളും പിരിച്ചുവിട്ടു. അധികം വൈകാതെ തിക്കുറിശ്ശി സുകുമാരൻ നായരെ ഉൾപ്പെടുത്തി പുതിയ സമിതി രൂപീകരിച്ചു. 'സ്ത്രീ', 'മായ' എന്നീ നാടകങ്ങളിലൂടെ തിക്കുറിശ്ശി അതിനകം പ്രശസ്തനായിരുന്നു. തിക്കുറിശ്ശി നായകനും മാവേലിക്കര എൻ.പൊന്നമ്മ നായികയുമായി 'ബ്രഹ്മചാരി' എന്ന നാടകമാണ് സമിതി രംഗത്തവതരിപ്പിച്ചത്. കുഞ്ഞുകുഞ്ഞു ഭാഗവതർ രാമകൃഷ്ണപിള്ളയുടെ സമിതി വിട്ടു പോവുകയും ചെയ്തു.

'പാടാത്ത നായകനെ' സധൈര്യം കാണികൾക്കു മുന്നിലെത്തിച്ചു എന്ന കാരണംകൊണ്ടുമാത്രം തിക്കുറിശ്ശിക്ക് മലയാള നാടകചരിത്രത്തിൽ വ്യക്തമായ സ്ഥാനമുണ്ട്. ആ പ്രസക്തിയെ ഭാഗവതർ ഇങ്ങനെ വിലയിരുത്തുന്നു: “മലയാള നാടകവേദിയിൽ പുതിയൊരു വഴിത്തിരിവു സൃഷ്ടിച്ച അതുല്യ കലാകാരനാണ് തിക്കുറിശ്ശി സുകുമാരൻ നായർ. കഴിഞ്ഞ തലമുറകളിലെ സംഗീതനാടകങ്ങൾ വിജയക്കൊടി നാട്ടി കേരളത്തിലങ്ങോളമിങ്ങോളവും മറ്റു നാടുകളിലും പരിപാടികൾ നടത്തിക്കൊണ്ടിരുന്ന വേളയിലാണ് ഒരു സംഗീതനാടകത്തിൽ പാട്ടു പാടാത്ത